**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827** **13-02-2025 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് ആർ.ടി.ഒ ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വെള്ളരിക്കുണ്ട് സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്നും ആയതിന് മാസംതോറും എത്ര വാടകയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട്, മങ്കയം ശ്രീ.അസീസ് വി. കെ. എന്നയാളുടെ ഉടമസ്ഥതയിലുള്ള വി.കെ.മാൾ ന്റെ ഒന്നാം നിലയിലാണ് വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. പ്രതിമാസം വാടക ഇനത്തിൽ 53,237/- രൂപ (അമ്പത്തിമൂന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴ് ) നൽകി വരുന്നു. |
| (ബി) | പ്രസ്തുത ഓഫീസ് വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിലേക്കായി സ്ഥലം നീക്കിവെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 04.04.2022 ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ DCKSGD/2695/2018-M5 നമ്പർ നടപടിക്രമം പ്രകാരം വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനായി വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എന്തുകൊണ്ടാണ് മിനി സിവിൽ സ്റ്റേഷനിലേക്ക് സബ്ബ് ആർ.ടി.ഒ. ഓഫീസ് മാറ്റാത്തതെന്ന് വിശദമാക്കാമോ? | (സി) | വെള്ളരിക്കുണ്ട് സബ്.ആർ.ടി. ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ